57

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 JANUARY 2024










# മുളപ്പെരുമയുമായി

## 20-മത് കേരള ബാംബൂ ഫെസ്റ്റിന് അരങ്ങുണർന്നു

സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിക്കുന്ന 20-മത് കേരള ബാംബൂ ഫെസ്റ്റ് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. 2024 ജനുവരി 12 മുതൽ 17 വരെ എറണാകുളം, കലൂർ ജവഹർ ലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്തിൽ ആണ് ഫെസ്റ്റ് സംഘടിപ്പിച്ചിരിക്കുന്നത്.

ഉദ്ഘാടന ദിവസമായ ജനുവരി 12 ന് വൈകുന്നരം 6 മണി മുതൽ 9 മണി വരെയും ഫെസ്റ്റ് ദിവസങ്ങളിൽ (ജനുവരി 13 മുതൽ 17 വരെ) രാവിലെ 11 മുതൽ രാത്രി 9 മണി വരെയുമാണ് മേളയുടെ പ്രവേശന സമയം. പ്രവേശനം സൗജന്യമാണ്. 200 സ്റ്റാളുകളിലായി കേരളത്തിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നുമായി 400 ഓളം കരകൗശല പ്രവർത്തകരും മുള അനുബന്ധ സ്ഥാപനങ്ങളും ബാംബൂ ഫെസ്റ്റിൽ പങ്കെടുക്കുന്നുണ്ട്.

മുള-കരകൗശല ഉത്പന്നങ്ങളുടെ നിർമ്മാണ രീതികൾ തത്സമയം മനസിലാക്കുന്നതിനും ആശയവിനിമയം നടത്തുന്നതിനും വിപണന സാധ്യത പ്രയോജനപ്പെടുത്തുന്നതിനും മേളയിൽ അവസരമൊരുക്കിയിട്ടുണ്ട്. സംസ്ഥാന ബാംബൂ മിഷൻ പരിശീലകർ രൂപകൽപന ചെയ്ത വിവിധ കരകൗശല ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനു പ്രത്യേക ബാംബൂ ഗ്യാലറിയും സജ്ജമാക്കിയിട്ടുണ്ട്. ഫെസ്റ്റ് ദിവസങ്ങളിൽ വൈകുന്നേരം മുള വാദ്യോപകരണങ്ങൾ ഉപയോഗിച്ചുള്ള കലാ-സാംസ്കാരിക പരിപാടികൾക്കും വേദിയൊരുങ്ങും. മുളയരി, മുളകൂമ്പ് എന്നിവയിൽ നിർമ്മിച്ച വിവിധ ഭക്ഷ്യ ഉല്പന്നങ്ങളുടെ സ്റ്റാളുകളും മുള നഴ്സറികളും മേളയിൽ ഉണ്ടാകും.

ഉദ്ഘാടന സമ്മേളനത്തിൽ ബഹു. എം.എൽ.എ. ശ്രീ. ടി. ജെ. വിനോദ് അധ്യക്ഷത വഹിച്ചു. ബഹു. എം.പി. ശ്രീ. ഹൈബി ഈഡൻ വിശിഷ്ടാതിഥിയായ ചടങ്ങിൽ എറണാകുളം മേയർ അഡ്വ. എം.അനിൽ കുമാർ, മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കേരള ബാംബൂ മിഷൻ ഡയറക്ടറുമായ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്., സ്വാഗതവും നാഷണൽ ബാംബൂ മിഷൻ ഡയറക്ടർ ഡോ. പ്രഭാത് കുമാർ എന്നിവർ പ്രത്യേക പ്രഭാഷണം നടത്തി.

എറണാകുളം ജില്ല കളക്ടർ ശ്രീ. എൻ. എസ്. കെ. ഉമേഷ് ഐ.എ.എസ്., കൊച്ചി കോർപ്പറേഷൻ കൗൺസിലർ അഡ്വ. ദീപ്തി മേരി വർഗീസ് സംസ്ഥാന വ്യവസായ വാണിജ്യ അഡിഷണൽ ഡയറക്ടർമാരായ ശ്രീ. രാജീവ് ജി., ഡോ. കൃപകുമാർ കെ.എസ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. സൂരജ് എസ്., എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. പി. എ. നജീബ്, എന്നിവർ പങ്കെടുത്തു.

## ബാംബൂ ഫെസ്റ്റിന് മിഴിവേകി ദ്വിദിന ദേശീയ സെമിനാറും

കേരള സംസ്ഥാന ബാംബൂ മിഷൻ ഒരുക്കുന്ന 20-മത് കേരള ബാംബൂ ഫെസ്റ്റ് അറിവുകൾ പകരുന്ന സെമിനാറുകളാൽ കൂടി ശ്രദ്ധാകേന്ദ്രമായി. ബാംബൂ ഫെസ്റ്റിനോടനുബന്ധമായി മുള മേഖലയുമായി ബന്ധപ്പെട്ടൊരുക്കിയ നാഷണൽ ലെവൽ സെമിനാർ 2024, ജനുവരി 12,13 തീയതികളിലായി കൊച്ചി, മറൈൻ ഡ്രൈവ്, താജ് വിവാന്ത ഹോട്ടലിൽ സംഘടിപ്പിച്ചു. രണ്ട് ദിവസങ്ങളിലായി സംഘടിപ്പിച്ച നാഷണൽ സെമിനാറിന്റെ ഉദ്ഘാടനം സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് & സ്റ്റേറ്റ് ബാംബൂ മിഷൻ ഡയറക്ടർ, ശ്രീ. എസ് ഹരികിഷോർ ഐ.എ.എസ്. നിർവഹിച്ചു.

സെമിനാറിന്റെ ഉദ്ഘാടന സമ്മേളനത്തിൽ കെബിപ്സിഇഒ ശ്രീ. സൂരജ് എസ്. സ്വാഗത പ്രസംഗം നിർവ്വഹിച്ച ചടങ്ങിൽ ഹോർട്ടികൾച്ചർ കമ്മീഷണറും നാഷണൽ ബാംബൂ മിഷൻ ഡയറക്റുമായ ഡോ. പ്രഭാത് കുമാർ മുഖ്യപ്രഭാഷണം നടത്തി. ത്രിപുര ബാംബൂ മിഷൻ ഡയറക്ടർ ശ്രീ. ബി വിശ്വശ്രീ ഐ.എ.എസ്, യു പി ബാംബൂ മിഷൻ ഡയറക്ടർ ശ്രീ. ഇളങ്കോ കൃഷ്ണൻ ഐ.എഫ്.എസ്, സിക്കിം ബാംബൂ മിഷൻ ഡയറക്ടർ ശ്രീ. സുമൻ കുമാർ ശർമ്മ, ജാർഖണ്ഡ് ബാംബൂ മിഷൻ ഡയറക്ടർ ശ്രീ. മുകേഷ് കുമാർ സിൻഹ, സംസ്ഥാന ബാംബൂ കോർപ്പറേഷൻ എംഡി ശ്രീ. ബെനഡിക്റ്റ് വില്യം ജോൺസ് എന്നിവർ പ്രസംഗിച്ചു.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (എൻഐഡി) ബെംഗളൂരു, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെഎഫ്ആർഐ), ബാംബൂ & കെയിൻ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (BCDI), അഗർത്തല, ത്രിപുര; ഉറവ്, വയനാട്, കേരളം തുടങ്ങിയ പ്രമുഖ സർക്കാർ - സർക്കാരിതര സ്ഥാപനങ്ങൾ സെമിനാറിൽ വിവിധ സെക്ഷനുകൾ കൈകാര്യം ചെയ്തു.

# സ്നേഹപൂർവ്വം ജപ്പാൻ






ഇക്കൊല്ലം ബാംബൂ ഫെസ്റ്റിവൽ വേദിയിൽ രണ്ടു പേർ നിറചിരികളോടെ സന്ദർശകരെ വരവേറ്റുകൊണ്ട് ചുവന്ന നിറത്തിലെ കമാനത്തോടുകൂടിയുള്ള സ്റ്റോളിന് മുന്നിൽ നിൽപ്പുണ്ട്. 'ജപ്പാന്റെ' സ്റ്റാളാണ്. അവിടെ ഇനൊവെ വാക്കുവും കൊയ് ഹസേഗാവ യും മഡാക്കി (ജാപ്പനീസ് മുള) യുടെ ലോകത്തേക്ക് സന്ദർശകരെ കൂട്ടി കൊണ്ട് പോകും.

സംസ്ഥാന ബാംബൂ മിഷന്റെ ക്ഷണപ്രകാരമാണ് ഇനൊവെ വാക്കുവും കൊയ് ഹസേഗാവയും 20-ാമത് കേരള ബാംബൂ ഫെസ്റ്റ് അതിഥികളായി കൊച്ചിയിലേക്കെത്തിയത്. മേളയിൽ അങ്ങോളമിങ്ങോളം ഓടി നടന്ന് കലാകാരന്മാരെ പരിചയപ്പെട്ടും നിർമാണ രീതികൾ മനസ്സിലാക്കിയും നിറയെ സംസാരിച്ചും ഫെസ്റ്റ് ദിനങ്ങൾക്ക് ഉത്സവഛായ പകരുകയാണ് ഇരുവരും. ജാപ്പനീസ് മുള ഉപയോഗിച്ചുള്ള കലാനിർമിതികളാണ് പ്രധാനമായും ഇവരുടെ സ്റ്റാളിൽ പ്രദർശിപ്പിച്ചിരിക്കുന്നത്.

# മിഷൻ 1000

## ഒരായിരം വിജയകുതിപ്പൊരുക്കാൻ കരുത്തുപാകി വ്യവസായ വകുപ്പ്

- തെരഞ്ഞെടുത്ത 88 സംരംഭങ്ങൾക്കുള്ള ഓഫർ ലെറ്റർ കൈമാറി
- 4 വർഷം കൊണ്ട് 1000 സംരംഭങ്ങളെ ₹100 കോടി വിറ്റുവരവുള്ള സ്ഥാപനമാക്കും



പദ്ധതിയുടെ ആദ്യഘട്ടത്തിൽ 13 എം.എസ്. എംഇകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇവയുടെ ബിസിനസ് വിപുലപ്പെടുത്തുന്നതിനുള്ള പിന്തുണ വ്യവസായ വകുപ്പ് നൽകും.

നവകേരള നിർമാണത്തിന് ഊർജം പകരാനായി സംരംഭങ്ങളെ കൈപിടിച്ചുയർത്തുന്ന 'മിഷൻ 1000' പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം. നാലു വർഷം കൊണ്ട് 1000 സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ (എംഎസ്എംഇ) ശരാശരി ₹ 100 കോടി വിറ്റുവരവുള്ള സ്ഥാപനങ്ങളാക്കി മാറ്റുകയാണ് ലക്ഷ്യം. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 88 സംരംഭത്തിനുള്ള ഓഫർലെറ്റർ മിഷൻ 1000 പദ്ധതിയുടെ ആദ്യഘട്ടം ഉദ്ഘാടനം ചെയ്തു കൊണ്ട് ബഹു. നിയമ വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് കൈമാറി. 250 എണ്ണംകൂടി ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തുമെന്നും ഓരോ യൂണിറ്റിനെയും സഹായിക്കാൻ വ്യവസായ വകുപ്പിൽ നിന്ന് ഒരു ഉദ്യോഗസ്ഥനെ നിയമിക്കുമെന്നും മന്ത്രി പറഞ്ഞു. മിഷൻ 1000 പദ്ധതിയുടെ സബ്സിഡികൾക്കായി അപേക്ഷിക്കാനുള്ള ഓൺലൈൻ പോർട്ടലിന്റെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു.

കേരളത്തിലെ എം.എസ്.എംഇകളിൽ നിന്നും തിരഞ്ഞെടുത്ത 1000 എംഎസ്എംഇകളെ നാല് വർഷത്തിനുള്ളിൽ ശരാശരി ₹100 കോടി വിറ്റുവരവുള്ള ബിസിനസ്സുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന വ്യവസായ വകുപ്പ് 'മിഷൻ 1000' വിഭാവനം ചെയ്തിട്ടുള്ളത്. 2023ൽ ആരംഭിച്ച വ്യവസായ സംരംഭകർക്ക് അതുല്യമായ അവസരമാണ് മിഷൻ 1000 പദ്ധതിയെന്നും എംഎസ്എം ഇകൾക്ക് മുന്നോട്ടു പോകാനുള്ള പ്രചോദനം ഇതു നൽകുമെന്നും ചടങ്ങിന് അധ്യക്ഷത വഹിച്ച ബഹു. എംഎൽഎ ശ്രീ. ആന്റണി രാജു പറഞ്ഞു. വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ പ്രോത്സാഹം ഓരോ ഘട്ടത്തിലും നൽകുകയും അടുത്ത തലത്തിലേക്ക് നയിക്കുകയും ചെയ്യാൻ 'മിഷൻ 1000' പദ്ധതിയിലൂടെ സാധിക്കുമെന്ന് ചടങ്ങിന് സ്വാഗതം ആശംസിച്ച വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ. എ.എസ്. പറഞ്ഞു.

വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. എസ് ഹരികിഷോർ ഐ. എ.എസ്., കിൻഫ്ര എംഡി ശ്രീ. സന്തോഷ് കോശി തോമസ്, എസ്എൽബിസി കേരള കൺവീനർ ശ്രീ. എസ്. പ്രേം കുമാർ, കെഎസ്എസ്ഐഎ സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ, സിഐഐ കേരള മുൻ ചെയർമാൻ ശ്രീ. പി. ഗണേഷ് എന്നിവർ സംസാരിച്ചു. ഉദ്ഘാടന സമ്മേളനത്തിനു ശേഷം മിഷൻ 1000 പദ്ധതി, പുതിയ വ്യവസായ നയം എന്നീ വിഷയങ്ങളിൽ സംരംഭകർക്കായി അവതരണങ്ങളും നടന്നു.

## സംരംഭകരിലേക്ക് നേരിട്ടിറങ്ങിച്ചെല്ലാൻ എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ ശില്പശാല

സംസ്ഥാന വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കുവാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ സംഘടിപ്പിക്കുന്നു. എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ ശില്പശാലയുടെ ഉദ്ദേശ ലക്ഷ്യത്തെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവും ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം. ബി. രാജേഷും ഉദ്യോഗസ്ഥന്മാരുമായി സംയുക്തമായി ചർച്ച നടത്തി.

2024 ജനുവരി 3ന് ഓൺലൈനായി സംഘടിപ്പിച്ച മീറ്റിങ്ങിൽ സംസ്ഥാനത്തെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി / കോർപ്പറേഷൻ അദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ, വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

വ്യവസായ വകുപ്പിന്റെ സേവനങ്ങളും പദ്ധതികളും സമയബന്ധിതമായി സംരംഭകരിലേക്ക് എത്തിക്കുന്നതിനുള്ള ഒരു സ്ഥിര സംവിധാനം സൃഷ്ടിക്കുന്നതിനാണ് ക്യാമ്പയിൻ ലക്ഷ്യമിടുന്നത്. എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ ക്യാമ്പയിനുകളുടെ ഭാഗമായുള്ള ശില്പശാലകൾ 2024 ജനുവരി 4 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ തദ്ദേശസ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.




Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.